LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വികസനം

281(4567) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരായ പട്ടികജാതി ജീവനക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ബി) ഇവർക്ക് സ്ഥലമാറ്റത്തിന് എന്തെങ്കിലും പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നില്ല.

(ബി) സ.ഉ.(പി) നമ്പർ 1/2005/ഉ.ഭ.പ.വ. തീയതി 4-1-2005 പ്രകാരം മിശ്ര വിവാഹിതരായ എല്ലാ ജീവനക്കാർക്കും, സ.ഉ.(പി) നമ്പർ 36/2014/ഉ.ഭ.പ.വ. പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരായ ജീവനക്കാർക്കും പൊതുസ്ഥലംമാറ്റം/ പ്രൊമോഷൻ എന്നിവയ്ക്ക് മുൻഗണന നൽകുന്നുണ്ട്. ആയതിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) ബാധകമല്ല.

പട്ടികജാതികോളനി സ്വയംപര്യാപ്ത പദ്ധതി

282(4568) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതികോളനികളെ സ്വയംപര്യാപ്തമാക്കുന്ന പദ്ധതി പ്രകാരം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട കോളനികൾ ഏതൊക്കെയാണെന്നും ഓരോ കോളനിക്കും ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിർവ്വഹണ ഏജൻസി ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഓരോ കോളനിയിലും ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി)

ക്രമ നമ്പർ	കോളനിയുടെ പേര്	നിർമ്മാണ ഏജൻസി
1	കൊറ്റുകുളം കോളനി	കേരള സ്റ്റേറ്റ് ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC)
2	കൊറ്റിയോട്ട്കുന്ന് കോളനി	സിഡ്കോ
3	പാറനിരപ്പ്കുന്ന് കോളനി	സിഡ്കോ
4	ചെമ്പകമൂല	സിഡ്കോ

(സി) കൊറ്റുകുളം കോളനിയിലെ പൂച്ചലാക്കൽ റോഡിന്റെയും റാമ്പിന്റെയും പാർശ്വഭിത്തി സംരക്ഷണം, വരട്ടിയാൽകുന്നിലെ നടപ്പാതയുടെ പാർശ്വസംരക്ഷണം, കൊറ്റുകുളം അംഗൻവാടിക്ക് സമീപമുള്ള നടപ്പാതയുടെ പുനരുദ്ധാരണം, കിണർ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. പനിച്ചേടത്ത്കുന്നിലെ നടപ്പാതയുടെ നിർമ്മാണം 80%-വും ഓഡിറ്റോറിയത്തിന്റെയും രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടെയും അറ്റകുറ്റപ്പണികൾ 90%-വും പൂർത്തിയായി. കൊറ്റിയോട്ട്കുന്ന് കോളനി, പാറനിരപ്പ്കുന്ന് കോളനി, ചെമ്പകമൂല എന്നീ കോളനികളിൽ പദ്ധതിയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. 2015 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പട്ടികജാതിക്കാർക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

283 (4569) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly